ലൈക് പേജ്

മെഹദ് മഖ്ബൂൽ

mehdmaqbool@gmail.com

ഈ ഷീ ടാക്സികളുടെ കാലത്തും പെണ്ണിന് പര്യായം തിരഞ്ഞ് ചെന്നാൽ പിന്നെയും നമ്മളെത്തുക അടുക്കളയിലാണ്. തീയൊഴിയാത്ത അടുപ്പിലെ മുക്കല്ലായി അവരുാകും. മകൾ, ഭാര്യ, അമ്മ.

# വെള്ളമേറിപ്പോയില്ലേ അവളുടെ കണ്ണുനീരിലും..


കമലാ സുരയ്യ


ടി.വി കൊച്ചുബാവ


ടി.പി രാജീവൻ


വീരാൻകുട്ടി

എൽ.ഡി ക്ലർക്ക് വാസന്തിയെപ്പറ്റി ടി.പി രാജീവന്റെ 'ഉപ്പ്, ഒപ്പ്' എന്നൊരു കവിതയുണ്ട്. രണ്ട് കുട്ടികളുടെ അമ്മയാണ് വാസന്തി. രാവിലെ കറികളിൽ പക്ഷേ, അവൾ ഉപ്പിടാൻ മറന്നുപോയി. അതിൽ ശുണ്ഠി പിടിച്ച് ഭർത്താവിന്റെ വീട്ടുകാർ ഭക്ഷണം വലിച്ചെറിയുകയാണ്. ഈ വിഷമവും പേറി ഓഫീസിലവൾ വൈകിയെത്തുന്നു. ശ്രദ്ധിച്ച് പഠിച്ചെഴുതി അവളയച്ച ഫയലുകളെല്ലാം മേലധികാരി മടക്കുകയാണ്. ഒന്നിലും ഒപ്പില്ലത്രെ. ഒടുക്കം ഒറ്റക്കിരുന്ന് ഉള്ള് നൊന്തവൾ കരയുന്നു.

'വെള്ളമേറിപ്പോയെന്നൊരു കുറവില്ലേ അവളുടെ കണ്ണുനീരിലും'.

കമലാ സുരയ്യയുടെ 'കോലാട്' എന്ന കഥയും പെൺജീവിതത്തെ ശരിക്കും വരയുന്നുണ്ട്. രാവിലെ മുതൽ അർധരാത്രി വരെ അവിശ്രമം ജോലിയെടുത്ത് കഥാ നായിക ശുഷ്കിച്ച് കോലാടിനെപ്പോലെ പരുവപ്പെട്ടിരുന്നു. ഒടുവിൽ അവൾക്ക് പനി തുടങ്ങി. വയറ്റിൽ വേദനയും. ഇഞ്ചിനീരും കുരുമുളക് രസവും ഒന്നും അവളെ സഹായിച്ചില്ല. പത്താം ദിവസം ഡോക്ടർ അവളുടെ ഭർത്താവിനോട് പറഞ്ഞു:

"ഇവരെ ഉടനെ ആശുപത്രിയിൽ കൊണ്ടുപോകണം. സീരിയസ്സ് കേസ്സാണ്."

ഒരു പരിചാരകൻ അവളെ ചക്രക്കട്ടിലിൽ കിടത്തി ഉന്തിക്കൊണ്ട് ആശുപത്രിമുറിയിൽ പ്രവേശിച്ചപ്പോൾ കണ്ണുകൾ മിഴിച്ചുകൊണ്ട് അവൾ പറഞ്ഞു: "അയ്യോ, പരിപ്പ് കരിയ്ണ്ട് തോന്ന്ണൂ."

ഈ ഷീ ടാക്സികളുടെ കാലത്തും പെണ്ണിന് പര്യായം തിരഞ്ഞ് ചെന്നാൽ പിന്നെയും നമ്മളെത്തുക അടുക്കളയിലാണ്. 'തീയൊഴിയാത്ത അടുപ്പിലെ മുക്കല്ലായി അവരുണ്ടാകും. മകൾ, ഭാര്യ, അമ്മ.' ഇതെഴുന്നത് 'പുകയില്ലാത്ത അടുപ്പുകളുടെ ഉപമ' എന്ന കവിതയിൽ വീരാൻകുട്ടി. പച്ച വിറകിൽ പുകഞ്ഞും ചിരട്ടക്കനലിൽ എരിഞ്ഞുമുള്ള പെൺജീവിതത്തെ പൊള്ളുന്ന ഭാഷയിലെഴുതുന്നു വീരാൻകുട്ടി.

അക്ഷരങ്ങൾ കൊണ്ട് മായാജാലം തീർത്ത എഴുത്തുകാരനായിരുന്നു ടി.വി കൊച്ചുബാവ. കൊച്ചുബാവ തീർത്ത ആശയസമുദ്രങ്ങൾക്ക് മുമ്പിൽ പലപ്പോഴും പകച്ചുനിന്നിട്ടുണ്ട്. 'ഉപജന്മം' എന്ന നോവലെറ്റിൽ മനുഷ്യനും പുഴയും രണ്ടല്ല ഒന്ന് തന്നെയെന്നെഴുതുന്നു അദ്ദേഹം.

"മരിച്ചവരെ ഓർക്കാൻ കരച്ചിലല്ലാതെ മറ്റു ഉപായങ്ങളില്ല. പഴക്കം ചെന്ന കൽപടവുകളിലൊന്നിൽ പുഴയുടെ ഹൃദയത്തിലേക്ക് നോക്കി ഉസ്താദ് നിന്നു. പുഴ ഒരു വിചിത്ര സാന്നിധ്യമാണ്. പുഴ എപ്പോഴും പുതുമയുടെ കൂട്ടികുഴച്ചിലാണ്. ജലത്തെ മാറ്റി മാറ്റി കുടഞ്ഞുടുത്ത് കൊണ്ട് അത് പുതുമയിലേക്ക് നീളുന്നു. മനുഷ്യനും പുഴയും രണ്ടല്ല, ഒന്നാകുന്നു. ഒരു മനുഷ്യനും ഇന്നലത്തെ ജീവിതം ഇന്ന് ജീവിക്കുന്നില്ല, പുഴയും. റബ്ബേ, നിന്റെ രീതികൾ..." ■

Vol. No: 70 Issue No. 27 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla